ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് 29-6-2010-ന് അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബി.ഒ.ടി കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല

തീരദേശ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി

209 (501) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്ത് നിന്ന് എത്ര മീറ്റർ ദൂരപരിധി വച്ചാണ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ഏതെങ്കിലും പ്രദേശത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് പ്രദേശത്തിന് വേണ്ടിയാണെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ തീരദേശങ്ങളെ പൊതുവിൽ സി.ആർ.ഇസഡ് I, II, III ആയി തിരിച്ചിട്ടുണ്ട്. സി.ആർ.ഇസഡ് III മേഖലയിൽ കടൽതീരത്ത് ഹൈടൈഡ് ലൈനിൽ നിന്നും 500 മീറ്റർ വരെ തീരദേശ നിയന്ത്രണ മേഖലയാണ്. ഈ മേഖലയിൽ 200-500 മീറ്റർ വരെയുള്ള സ്ഥലത്ത് 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുവാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അധികാരമുണ്ട്. സി.ആർ.ഇസഡ് II മേഖലയിൽ അംഗീകൃത കെട്ടിടങ്ങളുടെ റോഡുകളുടെ കരഭാഗത്ത് വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി/കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

ബിനീഷ് വർഗ്ഗീസിന്റെ നിയമനം

210 (502) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ രജിസ്ട്രേഷൻ വകുപ്പിൽ ക്ലാർക്കായിരിക്കെ അണ്ടർ വാല്യേഷൻ ഇനത്തിൽ കിട്ടിയ 35000 രൂപ വെട്ടിപ്പ് നടത്തിയതിന് സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ട പുൽപ്പള്ളി സ്വദേശി ബിനീഷ് വർഗീസിന് ഗ്രാമവികസന വകുപ്പിൽ നിയമനം ലഭിക്കാൻ ഇടയാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly